## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

**212 (5297)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ (CRIP) ഉൾപ്പെടുത്തി മലപ്പുറം നഗരത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കിലോമീറ്റർ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ വരുന്നതെന്നും അതിനായി എത്രയുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നിർമ്മാണച്ചുമതല ആരാണ് വഹിക്കുന്നതെന്നും ഇതുവഴി എന്തെല്ലാം ആധുനികവൽക്കരണ പരിപാടികളാണ് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) മലപ്പുറം നഗരത്തിലെ റോഡുകളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് നഗരറോഡ് വികസന പദ്ധതിക്ക് (CRIP) കേരള റോഡ് ഫണ്ട് ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് ബാംഗ്ലൂർ ആസ്ഥാനമായ സി.ഡി.എം. സ്മിത്ത് മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(ബി) 42.918 കി.മീ. ദൈർഘ്യമുള്ള 12 റോഡുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനായി ശിപാർശ ചെയ്തിട്ടുള്ളത്. ഇവയുടെ പ്രാരംഭ നിർമ്മാണച്ചെലവ് 342.12 കോടിരൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി.-ആന്വിറ്റി വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹന യാത്രക്കാരുടെയും കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, കാവുങ്ങൽ-മച്ചിങ്ങൽ ബൈപ്പാസ് റോഡിലെ മൂപ്പറമ്പ ജംഗ്ഷനിൽ ഒരു അടിപ്പാത, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓടുപാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേടുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly